പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2650 **28-10-2026-ൽ മറുപടിയ്ക്ക്**

കാട്ടാന ആക്രമണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. കെ. കെ. രാമചന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) പുതുക്കാട് നിയോജകമണ്ഡലത്തിലെ കള്ളിച്ചിത്ര-നാടാമ്പാടം ഉന്നതിയോടു ചേർന്നുള്ള വനമേഖലയിൽ 2026 ജൂൺ 22-ന് വനത്തിൽ വച്ച് കാട്ടാനയുടെ ആക്രമണത്തിൽ ഗുരുതരമായി പരിക്കേറ്റ ഊരുമൂപ്പൻ ശ്രീ. ഗോപാലന് ധനസഹായം അനുവദിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

മറുപടി: സെൻട്രൽ സർക്കിൾ തൃശ്ശൂരിന് കിഴിലുള്ള ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിനു കീഴിലെ കള്ളിച്ചിത്ര കോളനിയിലെ ഉരുമൂപ്പനായ ശ്രീ. ഗോപാലൻ എം. കെ. കാട്ടാന ആക്രമണത്തിൽ പരിക്കേറ്റതിനുള്ള നഷ്ടപരിഹാരത്തിനായി ഇ- ഡിസ്ട്രിക്ട് മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആശുപത്രി ചിലവുകളുടെ ബില്ലുകളും, നിയമാനുസൃതമായ അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നില്ല. പാലപ്പിള്ളി റെയ്ഞ്ച് ഓഫീസർ മേൽ അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ ടിയാൻ ചികിത്സാ സംബന്ധമായ ആശുപത്രി ബില്ലുകൾ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ടൈബൽ ഡിപ്പാർട്ട് മെന്റിന് കൈമാറിയിട്ടുള്ളതായി അറിയുകയുണ്ടായി. ബന്ധപ്പെട്ട ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ചികിൽസാ സംബന്ധിയായ ബില്ലുകൾ സമർപ്പിക്കുവാൻ ടിയാനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നഷ്ടപരിഹാരം അനുവദിക്കുന്നതാണ് .

(ബി) മുഖത്തും വാരിയെല്ലുകൾക്കും ഗുരുതര പരുക്കുപറ്റി ശസ്ത്രക്രിയ ഉൾപ്പടെയുള്ള ചികിത്സയ്ക്ക വിധേയനായി, കിടപ്പിലായതും, നാളിതുവരേയും യാതൊരു ജോലി ചെയ്യുന്നതിനും കഴിയാത്ത അവസ്ഥയിലുള്ള ഗോപാലന് അർഹമായ ധനസഹായം അനുവദിയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

മറുപടി: സെൻട്രൽ സർക്കിൾ തൃശ്ശൂരിന് കിഴിലുള്ള ചാലക്കുടി ഡിവിഷനിലെ പാലപ്പിള്ളി റെയ്ഞ്ചിനു കീഴിലെ കള്ളിച്ചിത്ര കോളനിയിലെ ഉരുമൂപ്പനായ ശ്രീ. ഗോപാലൻ എം. കെ. കാട്ടാന ആക്രമണത്തിൽ പരിക്കേറ്റതിനുള്ള നഷ്ടപരിഹാരത്തിനായി ഇ- ഡിസ്ട്രിക്ട് മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ ആശുപത്രി ചിലവുകളുടെ ബില്ലുകളും, നിയമാനുസൃതമായ അനുബന്ധ രേഖകളും സമർപ്പിച്ചിരുന്നില്ല. പാലപ്പിള്ളി റെയ്ഞ്ച് ഓഫീസർ മേൽ അപേക്ഷയിന്മേൽ അന്വേഷണം നടത്തിയതിൽ ടിയാൻ ചികിത്സാ സംബന്ധമായ ആശുപത്രി ബില്ലുകൾ നഷ്ടപരിഹാരം ലഭിക്കുന്നതിനായി ടൈബൽ ഡിപ്പാർട്ട് മെന്റിന് കൈമാറിയിട്ടുള്ളതായി അറിയുകയുണ്ടായി. ബന്ധപ്പെട്ട ഫോറസ്റ്റ് സ്റ്റേഷനിൽ നിന്നും ചികിൽസാ സംബന്ധിയായ ബില്ലുകൾ സമർപ്പിക്കുവാൻ

ടിയാനോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയത് സമർപ്പിക്കുന്ന മുറയ്ക്ക് നിലവിലുള്ള സർക്കാർ ഉത്തരവുകൾക്ക് വിധേയമായി നഷ്ടപരിഹാരം അനുവദിക്കുന്നതാണ് .

സെക്ഷൻ ഓഫീസർ